മനോരമ career guru

ഇയർബുക്ക് ഓൺലൈൻ ഏഴാം ടെസ്റ്റ് 28ന്

PRELIMS 2025

മനോരമ ഇയർബുക്ക് ഓൺലൈനിന്റെ ഓൾ ഇന്ത്യ 2025 പ്രിലിംസ് ടെസ്റ്റ് പരമ്പരയിലെ ഏഴാമത്തെ ടെസ്റ്റ് ഈമാസം 28നു നടക്കും.. 'ഫൗണ്ടേഷൻസ് ഓഫ് ഇക്കണോമിക്സ്: ഡവലപ്മെന്റ്, മൈക്രോ & മാക്രോ' എന്ന വിഷയത്തിലാണ് ഈ ടെസ്റ്റ്.

ഈ സീരീസിൽ ആകെ 42 ടെസ്റ്റുകളാണുള്ളത്. പുതുതായി റജിസ്റ്റർ ചെയ്യുന്നവർക്കും ആദ്യം മുതലുള്ള പരീക്ഷകൾ ലഭ്യമാണ്.മുഴുവൻ പ്രിലിംസ് സിലബസും ഉൾക്കൊണ്ടുള്ള ഈ ഓൺലൈൻ പരീക്ഷകൾ മേയ് വരെ തുടരും. 2499 രൂപയ്ക്ക് റജിസ്റ്റർ ചെയ്യാം.കൂടുതൽ വിവരങ്ങൾക്ക് ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

സംരംഭകത്വം ഒരു പഠനവിഷയവുമാണ്

ASK GURU

പി.എൽ. ജോമി

Q എന്താണ് ഒൻട്രപ്രനർഷിപ് അഥവാ സംരംഭകത്വം ? യൂണിവേഴ്സിറ്റി തലത്തിലും അല്ലാതെയും പരിശീലന സൗകര്യങ്ങളുണ്ടോ ?
അക്ഷയ്

A ഒരു ബിസിനസ് സംരംഭം ആരംഭിക്കാനും അതിലടങ്ങിയിരിക്കുന്ന വെല്ലുവിളികളെ നേരിട്ടുകൊണ്ട് സംരംഭം നടത്തിക്കൊണ്ടുപോകാനുമുള്ള ശേഷിയാണ് സംരംഭകത്വം. ഏതെങ്കിലും സ്ഥാപനങ്ങളിൽ ദീർഘകാലം തൊഴിലെടുത്തതിനുശേഷം സംരംഭകത്വത്തിലേക്കുവരുന്ന പഴയ രീതിയിൽനിന്നു മാറി, കലാലയ പഠനകാലത്തു തന്നെയോ പഠനം പൂർത്തിയാക്കി ഉടനെയോ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്ന ഒട്ടേറെ ചെറുപ്പക്കാർ ഇന്നുണ്ട്. ക്യാംപസുകളിൽനിന്നുടലെടുത്ത അത്തരം ചില സംരംഭങ്ങളാണ് ഫെയ്സ്ബുക്, സ്നാപ്ചാറ്റ് തുടങ്ങിയവ.

സംരംഭകത്വത്തിലേക്കു കടന്നുചെല്ലുന്നതിനുമുൻപ് ഈ മേഖലയിൽ വിദഗ്ധ പരിശീലനം നേടുന്നതു നന്നായിരിക്കും. പ്രോജക്ട് റിപ്പോർട്ട് തയാറാക്കുന്നതിനും ഉൽപന്ന വിപണനം, സാമ്പത്തിക മാനേജ്മെന്റ് തുടങ്ങിയ കാര്യങ്ങളിൽ പരിചയം നേടാനും ഇത്തരം പരിശീലന പരിപാടികൾ സഹായിക്കും.

യൂണിവേഴ്സിറ്റി തലം

ഐഐടി ബോംബെ: പിഎച്ച്ഡി ഒൻട്രപ്രനർഷിപ്; ബിരുദതലത്തിൽ മൈനർ പ്രോഗ്രാം
ജാമിയ മില്ലിയ ഇസ്ലാമിയ: പിജി ഡിപ്ലോമ ഇൻ ഒൻട്രപ്രനർഷിപ്, ഇന്നവേഷൻ ആൻഡ് ഡിസൈൻ തിങ്കിങ്
എക്സ്എൽആർഐ ജംഷഡ്പൂർ: പിജി ഡിപ്ലോമ ഇൻ മാനേജ്മെന്റ് (ഇന്നവേഷൻ, ഒൻട്രപ്രനർഷിപ് & വെഞ്ചർ ഡവലപ്മെന്റ്)
എൻഎംഐഎംസ് മുംബൈ: ഇന്റഗ്രേ[illegible] & ഫാമിലി ബിസിനസ്)
അശോക യൂണിവേഴ്സിറ്റി: ബിഎസ്സി കംപ്യൂട്ടർ സയൻസ് & ഒൻട്രപ്രനർഷിപ്
(മറ്റു വിഷയങ്ങളോടൊപ്പം മൈനറായും പഠിക്കാം)
ഐഐഎം അഹമ്മദാബാദ്: യങ് ഒൻട്രപ്രനേഴ്സ് പ്രോഗ്രാം
അമിറ്റി യൂണിവേഴ്സിറ്റി: ബിഎ (ഓണേഴ്സ്) ബിസിനസ് ഒൻട്രപ്രനർഷിപ്
എസ്.പി.ജെയിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് റിസർച്ച് മുംബൈ: സ്റ്റാർട്ട് യുവർ ബിസിനസ് (4 മാസം), ഗ്രാജ്വേറ്റ് പ്രോഗ്രാം ഇൻ ഒൻട്രപ്രനർഷിപ് (ഒരു മാസം)
നിർമ യൂണിവേഴ്സിറ്റി: എംബിഎ ഫാമിലി ബിസിനസ് & ഒൻട്രപ്രനർഷിപ്
ഒൻട്രപ്രനർഷിപ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, നാസിനഗർ: പിജി ഡിപ്ലോമ
സിംബയോസിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബിസിനസ് മാനേജ്മെന്റ് പുണെ: എംബിഎ ഇന്നവേഷൻ &ഒൻട്രപ്രനർഷിപ്

മറ്റു പരിശീലന സ്ഥാപനങ്ങൾ

കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ), തൃശൂർ
നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഒൻട്രപ്രനർഷിപ് & സ്മോൾ ബിസിനസ് ഡവലപ്മെന്റ്, നോയിഡ
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒൻട്രപ്രനർഷിപ് ഡവലപ്മെന്റ്, കളമശേരി, കൊച്ചി
കേരളത്തിൽ വിവിധ ക്യാംപസുകളിലും കെഎസ്ഐഡിസി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകളിലും പുതിയ സംരംഭകർക്കുള്ള ഒട്ടേറെ പരിശീലന സൗകര്യങ്ങൾ ഇതിനു പുറമേയുണ്ട്.

കത്തുകളയയ്ക്കാം
CareerGuru, Editorial, Malayala Manorama, Kottayam-1
ചോദ്യങ്ങൾ ഇമെയിൽ ചെയ്യാം

IES മലയാളിത്തിളക്കം

▸▸ ഇന്ത്യൻ ഇക്കണോമിക് സർവീസിലേക്ക് ഇക്കൊല്ലം തിരഞ്ഞെടുക്കപ്പെട്ട ഏക മലയാളി, അൽ ജമീല

ജോ ജേക്കബ്
joejacob@mm.co.in

ഹാപ്പിനസ് റിപ്പോർട്ടിൽ എന്തുകൊണ്ടാണ് ഇന്ത്യ എപ്പോഴും താഴെനിൽക്കുന്നത് ? ആളുകളുടെ ഉപഭോഗം കൂടുന്നുണ്ടെങ്കിലും അതിനനുസരിച്ച് സന്തോഷം കൂടുന്നില്ല. ആളുകൾ കൺസ്യൂം ചെയ്താലേ രാജ്യത്തെ സാമ്പത്തികനില മെച്ചപ്പെടൂ താനും. ഈ വൈരുധ്യത്തെ എങ്ങനെ നേരിടും ?' ഈ വർഷത്തെ ഇന്ത്യൻ ഇക്കണോമിക് സർവീസ് (ഐഇഎസ്) പരീക്ഷയുടെ അഭിമുഖത്തിൽ അൽ ജമീല നേരിട്ട ചോദ്യങ്ങൾ.

അര മണിക്കൂറോളം നീണ്ട അഭിമുഖം കഴിഞ്ഞപ്പോൾ താൻ ഏറെ സന്തോഷവതിയായിരുന്നെന്ന് അൽ ജമീല പറയുന്നു. ഫലമെത്തിയപ്പോൾ 12-ാം റാങ്ക്. പട്ടികയിൽ ഇടം പിടിച്ച ഏക മലയാളി.

കോട്ടയം നെടുംകുന്നം സ്വദേശിയായ അൽ ജമീല 12-ാം ക്ലാസിനു ശേഷം ഹൈദരാബാദ് കേന്ദ്ര സർവകലാശാലയിൽ എംഎ ഇക്കണോമിക്സ് ഇന്റഗ്രേറ്റഡ് പ്രോഗ്രാമിനാണു ചേർന്നത്. അവിടെ 3 വർഷത്തെ ബിരുദപഠനത്തിനുശേഷം ഡൽഹിയിലെ ജവാഹർലാൽ നെഹ്റു സർവകലാശാലയിലേക്കു ചുവടുമാറ്റി. സെന്റർ ഫോർ ഇക്കണോമിക് സ്റ്റഡീസ് ആൻഡ് പ്ലാനിങ്ങിലെ എംഎ പഠനകാലത്ത് ആദ്യ ശ്രമത്തിൽ തന്നെ ജെആർഎഫ് ഫെലോഷിപ്പും ഗേറ്റും നേടി. 2022ൽ എംഎ പൂർത്തിയാക്കിയതിനു പിന്നാലെ ജെഎൻയുവിൽ തന്നെ പിഎച്ച്ഡിക്കു ചേർന്നു. പിജി കഴിഞ്ഞ സമയത്ത് ഐഇഎസ് പരീക്ഷയ്ക്കുള്ള കോച്ചിങ്ങിനു പോയിരുന്നെങ്കിലും പിഎച്ച്ഡി പഠനം ആരംഭിച്ചതോടെ ഇതൊഴിവാക്കി. പിഎച്ച്ഡി തിരക്കുകൾ കാരണം പരീക്ഷയും എഴുതിയില്ല.

സ്വയം തയാറെടുക്കൽ

പിഎച്ച്ഡി കോഴ്സ് വർക്കുകളും പ്രാഥമിക റിപ്പോർട്ടുകളും പൂർത്തിയായതോടെയാണ് ഇക്കൊല്ലം ഐഇഎസ് പരീക്ഷയ്ക്കുള്ള ഒരുക്കം തുടങ്ങിയത്. മാർച്ച് മുതൽ സജീവമായ തയാറെടുപ്പ്. ഒപ്പം പിഎച്ച്ഡിയുടെ ജോലികളും. ഏറെ സമ്മർദം നിറഞ്ഞ ദിവസങ്ങളായിരുന്നെങ്കിലും ആദ്യ ശ്രമത്തിൽ തന്നെ റാങ്ക് പട്ടികയിൽ ഇടം പിടിച്ചതിന്റെ സന്തോഷത്തിലാണു അൽ ജമീല.

സ്വയംപഠനമായിരുന്നെങ്കിലും പല പരിശീലന സ്ഥാപനങ്ങളുടെയും ടെസ്റ്റ് സീരീസുകൾ പ്രയോജനപ്പെടുത്തിയെന്ന് അൽ ജമീല പറയുന്നു. അഭിമുഖത്തിനു മുൻപു വിശദമായ ബയോഡേറ്റ നൽകിയ ഘട്ടത്തിൽ റിട്ട. ഐപിഎസ് ഉദ്യോഗസ്ഥൻ അലക്സാണ്ടർ ജേക്കബിന്റെ ഉപദേശവും തേടിയിരുന്നു. നെടുമങ്ങാട് ഗവ. കോളജിൽ അധ്യാപകനായ ഡോ. രതീഷ് കൃഷ്ണൻ ഉൾപ്പെടെയുള്ളവർ മോക്ക് ഇന്റർവ്യൂ നൽകി സഹായിച്ചു. ഇക്കണോമിക്സിൽ ഡോക്ടറേറ്റ് നേടിയിട്ടുള്ള കാഞ്ഞിരപ്പള്ളി എംഎൽഎയായ ഡോ. എൻ. ജയരാജും മാർഗനിർദേശങ്ങൾ നൽകി.

ജെഎൻയുവിൽ പ്രഫ. സൂജോയ് ചക്രവർത്തിയുടെ കീഴിൽ ബിഹേവിയർ ഇക്കണോമിക്സിലാണ് അൽ ജമീല പിഎച്ച്ഡി ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ വായിക്കുമെന്നു ബയോഡേറ്റയിൽ കുറിച്ചിരുന്നു. ഇക്കാരണത്താലാകും അഭിമുഖത്തിൽ ഏറിയ പങ്കും അത്തരം ചോദ്യങ്ങളായിരുന്നു.

കേരളവും മാറുന്നു

പിഎച്ച്ഡി പ്രോഗ്രാമിൽ ബന്ധപ്പെട്ട വിഷയത്തിലെ അക്കാദമിക വായനയും ചിന്തയുമെല്ലാം ഏറെ പ്രധാനമെങ്കിൽ ഐഇഎസിൽ വിവിധ മേഖലകളിലുള്ള വിശദമായ പഠനം ആവശ്യമാണ്. ഒരു വർഷം ഇടവേളയെടുത്തു പരീക്ഷയ്ക്കു തയാറെടുക്കുന്നതാകും കൂടുതൽ ഉചിതമെന്നാണ് ഐഇഎസ് സ്വപ്നം കാണുന്നവർക്കുള്ള ഉപദേശം.

കണക്കിനും ഇക്കണോമെട്രിക്സിനും കൂടുതൽ പ്രാധാന്യം നൽകിയുള്ളതാണ് ജെഎൻയുവിലെയും ഡൽഹി, ഹൈദരാബാദ് സർവകലാശാലകളിലെയും ഇക്കണോമിക്സ് പഠനം. കേരളത്തിലെ സിലബസിലും അടുത്തകാലത്തായി ഇത്തരം മാറ്റം കണ്ടുതുടങ്ങിയിട്ടുണ്ടെന്നും ദേശീയ പരീക്ഷകൾക്കു തയാറെടുക്കുന്നവർക്ക് ഇതു സഹായകരമാകുമെന്നും അൽ ജമീല വിലയിരുത്തുന്നു.

പഠനം മാത്രമല്ല

സ്കൂൾ തലം മുതൽ പ്രസംഗം, ഡിബേറ്റ് എന്നിവയിലെല്ലാം സജീവമായിരുന്നു അൽ ജമീല. ഡോ. പി.സി. അലക്സാണ്ടർ മെമ്മോറിയൽ സംസ്ഥാന പ്രസംഗ മത്സരത്തിൽ സീനിയർ വിഭാഗം ഇംഗ്ലീഷിലും മലയാളത്തിലും സമ്മാനം നേടിയിട്ടുള്ള അൽ ജമീല ബാലജനസഖ്യം സംസ്ഥാന പ്രസിഡന്റുമായിരുന്നു. സിബിഎസ്ഇ സംസ്ഥാന കലോത്സവത്തിൽ പ്രസംഗം, മലയാള ഉപന്യാസരചന എന്നിവയിൽ സമ്മാനങ്ങൾ നേടിയിട്ടുണ്ട്. ജിഎസ്ടി വകുപ്പിൽ പൊൻകുന്നം ഓഡിറ്റ് ഡിവിഷനിൽ ഡപ്യൂട്ടി കമ്മിഷണറായ അമ്മ സി.എ.അജിത സലാമിന്റെ പിന്തുണയാണ് എല്ലായ്പ്പോഴും കരുത്തേകുന്നതെന്നും അൽ ജമീല പറയുന്നു.

അൽ ജമീല

ഐഇഎസ്: പ്രിലിംസ് ഇല്ലാത്ത പരീക്ഷ

സിവിൽ സർവീസസ് മാതൃകയാണു പിന്തുടരുന്നതെങ്കിലും ഐഇഎസ് സർവീസിൽ പ്രിലിമിനറി പരീക്ഷയില്ല. മെയിൻ പരീക്ഷയും തുടർന്ന് ഇന്റർവ്യൂവുമാണുള്ളത്. ഇക്കണോമിക്സ് അപ്ലൈഡ് ഇക്കണോമിക്സ്, ബിസിനസ് ഇക്കണോമിക്സ് എന്നിവയിൽ ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയിൽനിന്നുള്ള പിജിയാണ് അപേക്ഷിക്കാനുള്ള കുറഞ്ഞ യോഗ്യത.

3 ദിവസത്തെ പരീക്ഷയിൽ ആകെ 6 പേപ്പറുകൾ. ജനറൽ ഇംഗ്ലീഷ്, ജനറൽ നോളജ് എന്നിവയാണ് ആദ്യ ദിവസം. രണ്ടും 100 മാർക്ക് വീതം. രണ്ടാം ദിവസം ഇക്കണോമിക്സ് 1,2 പേപ്പറുകൾ. ഇക്കണോമിക്സ് 3, ഇന്ത്യൻ ഇക്കോണമി എന്നിവയാണു മൂന്നാം ദിവസത്തെ പേപ്പറുകൾ. ഇവയെല്ലാം 200 വീതം മാർക്കിൽ. മൈക്രോ ഇക്കണോമിക്സ്, മാക്രോ, പബ്ലിക് ഫിനാൻസ്, ഇന്റർനാഷനൽ ഇക്കണോമിക്സ്, മോണിറ്ററി ഇക്കണോമിക്സ്, ഗ്രോത്ത് ആൻഡ് ഡവലപ്മെന്റ്, ഇക്കണോമെട്രിക്സ്, എൻവയൺമെന്റൽ ഇക്കണോമിക്സ് എന്നിവയെല്ലാം 3 ഇക്കണോമിക്സ് പേപ്പറുകളിലായി ഉൾപ്പെടും.

മലയാള മനോരമ
മാട്രിമോണിയൽ പരസ്യങ്ങൾ നൽകാം
മികച്ച ഓഫറുകൾ കണ്ടെത്താം ഉടൻ ബന്ധപ്പെടൂ....
നിങ്ങളുടെ അംഗീകൃത മനോരമ ഏജൻറ് മുഖേന അനായാസം പരസ്യം നൽകാം.
• കൂടാതെ മനോരമ ക്ലാസിഫൈഡ്സ് അംഗീകൃത ഡിഷൊ / പരസ്യ ഏജൻസി വഴിയും നൽകാം
• വെബ്സൈറ്റ് / ആപ്പ് ഉപയോഗിച്ചും നൽകാം
www.manoramaclassifieds.com
വിളിക്കൂ / വാട്സപ്
9778412269
വിളിക്കേണ്ട സമയം 9 am മുതൽ 6 pm വരെ (പൊതു അവധി ദിവസങ്ങൾ ഒഴികെ)
App Store | Google Play

തുഞ്ചൻ സ്മൃതി സദസ്സ് നടത്തി

കൊച്ചി● ഭാഷാ പിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ സമാധിദിനമായ ധനുമാസത്തിലെ ഉത്രം നാളിൽ അമൃതഭാരതി വിദ്യാപീഠം വിവിധ പ്രദേശങ്ങളിൽ തുഞ്ചൻ സ്മൃതി സദസ്സുകൾ സംഘടിപ്പിച്ചു. രാമമംഗലം, പുത്തൻകുരിശ്, ഇടപ്പള്ളി, ഇടമറ്റം, തൃശൂർ, മഞ്ചേരി എന്നിവിടങ്ങളിൽ തുഞ്ചൻ സ്മൃതി സദസ്സുകൾ നടന്നു.

അമൃത ഭാരതിവിദ്യാപീഠം അധ്യക്ഷനും കേന്ദ്ര സംസ്കൃത ഭാഷ പഠന ഉന്നതാധികാര സമിതി അംഗവുമായ ഡോ. എം.വി. നടേശൻ, എം.കെ. സതീശൻ, ബി. വിദ്യാസാഗർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് മെംബർ എ.വി. ഹരീഷ്, സാംസ്കാരിക പ്രവർത്തകയും അധ്യാപികയുമായ ആർ. വിജയ, ഗീത ബിജു എന്നിവർ 'എഴുത്തച്ഛനും സാംസ്കാരിക നവോത്ഥാനവും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.

രാമമംഗലത്തു നടന്ന സമാപന പരിപാടിയിൽ ചിന്മയ ഇന്റർനാഷനൽ ഫൗണ്ടേഷൻ സംസ്കൃത ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ. പി.എൻ. സുന്ദർശനൻ അധ്യക്ഷത വഹിച്ചു.

അമൃതഭാരതീവിദ്യാപീഠം പരീക്ഷാസഞ്ചാലകൻ പ്രഫ. കെ. ശ്രീനിവാസൻ, പൊതുകാര്യദർശി കെ.ജി. ശ്രീകുമാർ, ജില്ലാ സഹ പ്രേരക് ശ്രീപാർവതി വിശ്വനാഥൻ എന്നിവർ പ്രസംഗിച്ചു. ഇടപ്പള്ളിയിലെ എഴുത്തച്ഛൻ മണ്ഡപത്തിൽ ഹരിനാമകീർത്തനാലാപനവും എഴുത്തച്ഛൻ പ്രതിമയിൽ പുഷ്പാർച്ചനയും നടന്നു.

ആഹാര, വസ്ത്ര വിതരണം

കൊച്ചി● ക്രിസ്തുമസ് -പുതുവർഷത്തോടനുബന്ധിച്ച് സിഎസ്ഐ കൊച്ചിൻ മഹായിടവക ആഹാര, വസ്ത്ര വിതരണം നടത്തി.

ആലുവ മുതൽ ഇടപ്പള്ളി വരെ റോഡ് വക്കിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്ന അശരണരും ആലംബഹീനരുമായവർക്ക് ആഹാരവും വസ്ത്രവും വിതരണം ചെയ്തു.

ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി മഹായിടവക വൈദിക സെക്രട്ടറി റവ. പ്രെയ്സ് തൈപ്പറമ്പിലിന്റെ നേതൃത്വത്തിൽ പ്രോപ്പർട്ടി മാനേജർ ജോർജ് ചാക്കോ, വിഷ്ണു, എന്നിവരടങ്ങുന്ന മൂവർ സംഘമാണു വിതരണം നടത്തിയത്. സാരി, ഷർട്ട്, മുണ്ട്, ഭക്ഷണപ്പൊതി എന്നിവയാണു നൽകിയത്.

THE PLANTATION CORPORATION OF KERALA LTD.
(A Government of Kerala Undertaking
Registered office : Kottayam-686 004)
Website: www.pcklimited.in Ph: 0481-2578301-04
PSE/2024/4815 17.12.2024
CORRIGENDUM
The last date for submitting the e-tender/sealed tender (as per the reference PSE/2024/4533, dated 26.11.2024) for the supply of Rain guard Adhesive (142.350MT), LD Polythene Film (40.557MT), Polythene Strip (3342Kg), Stapler Machine(683Nos.) & Pin (15039Pkt) are extended upto1.00pm, 27.12.2024 details: http://etenders.kerala.gov.in / www.pcklimited.in (Ph. 9496076007) (Sd/-) Managing Director

SPECIALISTS' HOSPITAL
Ernakulam North, Cochin-682018
www.specialistshospital.com
WANTED
CONSULTANT PHYSIATRIST
(part time/full time)
info@specialistshospital.org
Mob: 9495987445

HDFC BANK
We understand your world
എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ്
രജിസ്റ്റേഡ് ഓഫീസ്: എച്ച്ഡിഎഫ്സി ബാങ്ക് ഹൗസ്, സേനാപതി , ബപത് മാർഗ്, ലോവർ പരേൽ (W) മുംബൈ - 400013
ബ്രാഞ്ച് ഓഫീസ് : റീട്ടെയിൽ അഗ്രി റെമഡിയൽ, ഒന്നാംനില, ചോയ്സ് ടവർ, മനോരമ ജംഗ്ഷൻ, കൊച്ചി - 16

ലേല വിൽപന നോട്ടീസ്

സർഫാസി ആക്ട് 2002-ലെ റീഡ് വിത്ത് സെക്യൂരിറ്റി (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയ സ്ഥാവര വസ്തുക്കളുടെ വിൽപന നോട്ടീസ്.
2002-ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 റീഡ് വിത്ത് സെക്യൂരിറ്റി (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 ലെ റൂൾ 8(6) പ്രകാരം സ്ഥാവര വസ്തുക്കളുടെ ലേല വില്പന നോട്ടീസ് എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുകളിൽ പറഞ്ഞ നിയമത്തിന്റെ വകുപ്പ് 13(4) & വകുപ്പ് 14 പ്രകാരം ഭൗതികമായി കൈവശപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കൾ എച്ച്ഡിഎഫ്സി ബാങ്കിന് ലഭിക്കേണ്ടതായ കുടിശ്ശിക തുകയും ബാധകമായ പലിശയും ചാർജുകളും മറ്റു ചിലവുകളും ഈടാക്കുന്നതിനുവേണ്ടി താഴെക്കൊടുത്തിരിക്കുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി പൊതുലേലത്തിലൂടെ വിൽപന നടത്തുന്നതിനു വേണ്ടി പൊതുജനങ്ങളെയും പ്രത്യേകിച്ച് വായ്പക്കാരേയും ജാമ്യക്കാരേയും അറിയിക്കുന്നതിനുള്ള നോട്ടീസ്. വസ്തുവുകകൾ "ഇപ്പോൾ എവിടെയോണോ" "എന്തോണോ" "അതിൽ എന്തൊക്കെയാണോ" എന്ന അവസ്ഥയിൽ യാതൊരു മാറ്റവുമില്ലാതെ സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 8 & 9 പ്രകാരം https://hdfcbank.auctiontiger.net എന്ന വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ഇ-ലേല പ്ലാറ്റ് ഫോം വഴിയാണ് വിൽപന നടത്തുക. വസ്തുക്കളുടെ വിവരണവും കരുതൽ വിലയും, നിരതദ്രവ്യ തുകയും താഴെക്കൊടുത്തിരിക്കുന്നു.

വായ്പക്കാരുടെ പേരും വിലാസവും	വായ്പാ കുടിശ്ശിക	കരുതൽ തുക /നിരതദ്രവ്യം / ബിഡ് ഇൻക്രിമെന്റ്
1. ശ്രീ. ഷിബു ജോസഫ് 2. ശ്രീമതി. പ്രീന ഷിബു	27.11.2024ലെ കുടിശ്ശിക രൂപ 4,21,83,133.60/-	തറവില രൂ. 2,12,40,000/-
ലോൺ അക്കൗണ്ട് നം. & പ്രൊഡക്ട് 13028440000176 കെജിസി-റീട്ടെയിൽ അഗ്രി ലോൺ)	ബിഡ് ഇൻക്രിമെന്റ് രൂ. 50,000/-	നിരതദ്രവ്യ തുക രൂ. 2,12,40,00/-

വസ്തുവിന്റെ വിശദാംശങ്ങൾ
ഐറ്റം-1 : എറണാകുളം ജില്ല, മൂവാറ്റുപുഴ താലൂക്ക്, മൂവാറ്റുപുഴ വില്ലേജ് സർവ്വെ നമ്പർ 247/7/2ൽ പെട്ട 4.05 ആർ സ്ഥലവും അതിലുള്ള വീടും മറ്റു ചമയങ്ങളും ഇതര അവകാശങ്ങളും ശ്രീ. ഷിബു ജോസഫിന്റെ ഉടമസ്ഥതയിൽ മൂവാറ്റുപുഴ സബ്രജിസ്ട്രാർ ഓഫീസിലെ 2116/2007-ാം നമ്പർ വിലയാധാരത്തിൽ വിശദീകരിച്ചിരിക്കുന്നു. **ആധാരപ്രകാരം അതിരുകൾ** – കിഴക്ക് : സ്വന്തം വസ്തു, വടക്ക്: രവി വക വസ്തു, പടിഞ്ഞാറ് : വർക്കി വക വസ്തു, തെക്ക്: റോഡ്.
ഐറ്റം-2 : എറണാകുളം ജില്ല, മൂവാറ്റുപുഴ താലൂക്ക്, മൂവാറ്റുപുഴ വില്ലേജ് സർവ്വെ നമ്പർ 247/7/2ൽ പെട്ട 0.53 ആർ സ്ഥലവും മറ്റു ചമയങ്ങളും ഇതര അവകാശങ്ങളും ശ്രീ. ഷിബു ജോസഫിന്റെ ഉടമസ്ഥതയിൽ മൂവാറ്റുപുഴ സബ്രജിസ്ട്രാർ ഓഫീസിലെ 6981/2007-ാം നമ്പർ വിലയാധാരത്തിൽ വിശദീകരിച്ചിരിക്കുന്നു. **ആധാരപ്രകാരം അതിരുകൾ** – കിഴക്ക് : സ്വന്തം വസ്തു, വടക്ക്: രവി വക വസ്തു, പടിഞ്ഞാറ് : വർക്കി വക വസ്തു, തെക്ക്: റോഡ്.
ഐറ്റം-3 : എറണാകുളം ജില്ല, മൂവാറ്റുപുഴ താലൂക്ക്, മൂവാറ്റുപുഴ വില്ലേജ് സർവ്വെ നമ്പർ 247/8ൽ പെട്ട 40.47 ആർ സ്ഥലവും മറ്റു ചമയങ്ങളും ഇതര അവകാശങ്ങളും ശ്രീ. ഷിബു ജോസഫിന്റെ ഉടമസ്ഥതയിൽ മൂവാറ്റുപുഴ സബ്രജിസ്ട്രാർ ഓഫീസിലെ 3284/1999-ാം നമ്പർ ഭാഗധാരത്തിൽ വിശദീകരിച്ചിരിക്കുന്നു. **ആധാരപ്രകാരം അതിരുകൾ** – കിഴക്ക് : വഴി, വടക്ക്: ഷാജി വക വസ്തു, പടിഞ്ഞാറ് : മുട്ടത്തുകുടി & തിരുമാറാചാലിൽ വക വസ്തു, തെക്ക്: വഴി. ഇതോടൊപ്പമുള്ള കെട്ടിടവും മുകൾഭാഗവും കൂട്ടിച്ചേർക്കലുകളും റോഡ്, വഴി, നടപ്പുവഴി മുതലായവയിലുള്ള അവകാശങ്ങളും.
എന്തെങ്കിലും ഉണ്ടെങ്കിൽ ബാങ്കിന് അറിയാവുന്ന ബാധ്യതകൾ : ഈ പണയപ്പെടുത്തിയ വസ്തുവിനെതിരെ ബാങ്കിന് ആദ്യ ചാർജ്ജ് ചുമത്തുന്നു.

ലേല പ്രക്രിയകളെ കുറിച്ചുള്ള പ്രധാന വിവരങ്ങൾ

ലേല തീയതി:	വസ്തു പരിശോധന തീയതി :	നിരതദ്രവ്യം സ്വീകരിക്കുന്നതിനുള്ള അവസാന തീയതി:
10.02.2025 (2.00 p.m to 3.00 p.m)	മുൻകൂർ നിയമനം അംഗീകൃത ഉദ്യോഗസ്ഥനിൽ നിന്ന് എടുക്കേണ്ടതാണ്	07.02.2025 ന് 3.00 p.m മുൻപ്

വിൽപനയുടെ നിബന്ധനകളും വ്യവസ്ഥകളും.
1. 'ഇപ്പോൾ എവിടെയാണോ, എന്താണോ, എന്തൊക്കെയാണോ' എന്നതിൽ മാറ്റമില്ലാതെയായിരിക്കും ഇ-വിൽപന നടത്തുക.
2. ടെണ്ടർസമർപ്പിക്കുന്നതിന് മുൻപ് ലേലത്തിൽ പങ്കുകൊള്ളുവാൻ ആഗ്രഹിക്കുന്നവർ അവരവരുടെ ഉത്തരവാദിത്വത്തിൽ ആസ്തികൾ പരിശോധിക്കുകയും പ്രത്യേകതകൾ മനസ്സിലാക്കേണ്ടതുമാണ്. ലേലത്തിൽവിവരിക്കുന്ന വസ്തുവിന്റെ വിശദാംശങ്ങളോടൊപ്പം താൽപര്യമുള്ള വ്യക്തികൾക്ക് വസ്തുസന്ദർശിക്കുന്നതിനും പരിശോധിക്കുന്നതിനും അനുവാദം നൽകുന്നതാണ്.
3. താൽപര്യമുള്ള ലേലക്കാർ അവരുടെ ഇഎംഡി വെബ് പോർട്ടൽ വഴി സമർപ്പിക്കണം: **https://hdfcbank.auctiontiger.net** (ലോഗിൻ ഐഡിയും പാസ്‌വേഡും വഴി https://hdfcbank.auctiontiger.net എന്നതിൽ പേര് രജിസ്റ്റർ ചെയ്ത് യൂസർ ഐഡിയും പാസ്‌വേഡും സൗജന്യമായി ലഭിക്കും. ഇനിപറയുന്ന അക്കൗണ്ടിൽ NEFT/ RTGS മുഖേന EMD അടയ്ക്കേണ്ടതാണ്: **5020000692171**, അക്കൗണ്ടിന്റെ പേര്: **ONLINE AUCTION ACCOUNT-RPM LEGAL** ഗുണഭോക്താവിന്റെ നിയമപരമായ പേര്: **HDFC Bank LTD., IFSC Code : HDFC0000240.** എന്നാൽ താൽപര്യമുള്ള ബിഡ്ഡർക്ക് എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡിന്റെ ഇഎംഡി തുകയ്ക്ക് ഡിമാൻഡ് ഡ്രാഫ്റ്റ് സമർപ്പിക്കാം. ഉയർന്ന ബിഡ് എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡിന്റെ അംഗീകാരത്തിന് വിധേയമായിരിക്കും. എല്ലാം അല്ലെങ്കിൽ ഏതെങ്കിലും ഓഫറുകളും സ്വീകരിക്കാനോ നിരസിക്കാനോ ഉള്ള അധികാരം അംഗീകൃത ഓഫീസർക്ക് നിക്ഷിപ്തമാണ്. അംഗീകൃത ഓഫീസറുടെ തീരുമ